# VARNAM

## DIGITAL MAGAZINE

**(2023 – 2024)**

## G.H.S. SOORAMBAIL

EDNAD P O, Pin - 671321

# CHIEF EDITOR

**RAJAGOPALA K.**

HEAD MASTER,
G.H.S. SOORAMBAIL

# STAFF EDITOR

**BINDYA MARYSON P.M.**

LK MISTRESS,
G.H.S. SOORAMBAIL

**RADHAKRISHNA K.**

LK MASTER,
G.H.S. SOORAMBAIL

# EDITORIAL BOARD

**LK UNIT MEMBERS**

2021-24 BATCH
2022-25 BATCH
2023-26 BATCH

G.H.S. SOORAMBAIL

# താളുകൾ മറിക്കുമ്പോൾ...

## പ്രചോദനം

ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു
എന്നറിഞ്ഞപ്പോൾ എല്ലാ വിധ പിന്തുണയും
ആശംസകളും അറിയിച്ചവർ.

## വികസനം

സൂരംബയൽ ഗവണ്മെന്റ് ഹൈസ്കൂൾ
വികസനത്തിന്റെ പാതയിൽ എത്രത്തോളം
മുന്നിലെത്തി എന്ന് വെളിവാക്കുന്ന
അധ്യായങ്ങൾ.

## സൃഷ്ടി

വിദ്യാർഥികൾ തങ്ങളുടെ കലാസൃഷ്ടികൾ
പൊതു സമൂഹത്തിനു മുന്നിൽ
പ്രദർശിപ്പിക്കുന്ന ഇടം.

ജി. എച്ച്. എസ്. സൂരംബയലിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഈ വർഷവും ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയുടെ മാസ്മര പ്രഭാവം വെളിവാക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ അതിന്റെ എല്ലാ അർഥത്തിലും മികവുറ്റതാക്കാൻ എല്ലാ വിധ ആശംസകളും നേരുന്നു.

രാജഗോപാല കെ.
ഹെഡ് മാസ്റ്റർ
ജി.എച്ച്. എസ്. സൂരംബയൽ

നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ
കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ
വളരെയധികം പ്രയോജനപ്രദമായ ഒരു
പ്രവർത്തനമാണ്. കുട്ടികളിൽ
അന്തർലീനമായിരിക്കുന്ന കലാ സാഹിത്യ
സൃഷ്ടികൾ വളർത്തിക്കൊണ്ടുവരാനുള്ള ഒരു
മികച്ച സാഹിത്യരൂപമാണിത്. പ്രത്യേകിച്ച്
സിജിറ്റൽ മാർഗത്തിലൂടെയാകുമ്പോൾ
കുട്ടികളിൽ താൽപര്യം വർദ്ധിക്കുകയും
ചെയ്യുന്നു.
ഈ മാഗസിൻ
രൂപപ്പെടുത്തിയെടുക്കുന്നതിൽ പ്രവർത്തിച്ച
കുട്ടികൾക്കും അണിയറയിൽ നിന്ന് കൊണ്ട്
നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സിന്റെ
ഉത്തരവാദിത്വമുള്ള അധ്യാപകരായ
രാധാകൃഷ്ണൻ മാസ്റ്റർക്കും ബിന്ദ്യ മേരിസൺ
ടീച്ചർക്കും ആശംസകൾ അറിയിക്കുന്നു.

കിരൺ കെ .
സ്റ്റാഫ് സെക്രട്ടറി
ജി.എച്ച്. എസ്. സൂരംബയൽ

ജി. എച്ച്. എസ്. സൂരംബയലിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് വർണം എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നത് ആഹ്ലാദകരമാണ്. ഇതുവഴി കുട്ടികളുടെ കഴിവുകൾ എഴുത്തിലൂടെയും വർണ്ണങ്ങളിലൂടെയും വരയിലൂടെയും മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തിനും നേതൃത്വം നൽകിയ അധ്യാപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സൗദത്ത് കെ. പി.
എസ്. ആർ. ജി. കൺവീനർ
എൽ. പി. വിഭാഗം
ജി.എച്ച്. എസ്. സൂരംബയൽ

ಪ್ರಿಯ ವಿದ್ಯಾರ್ಥಿಗಳೇ
ನಿಮ್ಮ ಕಲ್ಪನೆಯ ಕುಸುರಿಯಲ್ಲಿ ಮೂಡಿ ಬಂದ ಅನೇಕ ರಚನೆಗಳು ಸೃಜನಾತ್ಮಕ ಬರಹಗಳು ಇದೊಂದು ಡಿಜಿಟಲ್ ಪತ್ರಿಕೆಯ ರೂಪದಲ್ಲಿ ಮೂಡಿ ಬರುತ್ತಿರುವುದುತುಂಬಾ ಸಂತೋಷದ ವಿಷಯ. ತಾಂತ್ರಿಕತೆ ಮುಂದುವರಿದಂತೆ ನಾವು ಕೂಡಾಅದಕ್ಕೆ ಹೊಂದಿಕೊಂಡು ಬದಲಾಗಬೇಕಾದುದು ಅಗತ್ಯವೆಂಬುದನ್ನು ಈ ಮೂಲಕ ತೋರಿಸಿಕೊಟ್ಟಿದ್ದೀರಿ. ಇದಕ್ಕೆ ಪ್ರಯತ್ನಿಸಿದ ನಿಮಗೆ ಹಾಗೂ ಪ್ರೋತ್ಸಾಹ ನೀಡಿದ ಅಧ್ಯಾಪಕರಿಗೆ ಅಭಿನಂದನೆಗಳನ್ನು ಸಲ್ಲಿಸುತ್ತೇನೆ. ಹಾಗೂ ನಿಮ್ಮ ಈ ಕಾರ್ಯಕ್ಕೆ ಶುಭಾಶಯಗಳನ್ನು ಕೋರುತ್ತೇನೆ.

ಮೋಹನ ನಾರಾಯಣ ಎ,
ಎಸ್ ಆರ್ ಜಿ ಕನ್ವಿನರ್

ನಮ್ಮ ಶಾಲಾ ವಿದ್ಯಾರ್ಥಿಗಳ ಸೃಜನ ಶೀಲ ಚಟುವಟಿಕೆಗಳು ‘ವರ್ಣ‘ ಎಂಬ ಡಿಜಿಟಲ್ ಪತ್ರಿಕೆಯ ಮೂಲಕ ಅತ್ಯುತ್ತಮವಾಗಿ ಮೂಡಿ ಬಂದಿದೆ. ಶಾಲೆಯ ಹೆಚ್ಚಿನ ವಿದ್ಯಾರ್ಥಿಗಳು ಇದರಲ್ಲಿ ಭಾಗಿಯಾಗಿರುವುದು ಸಂತೋಷದ ವಿಚಾರ. ಇದು ಇತರ ವಿದ್ಯಾರ್ಥಿಗಳಿಗೂ ಸ್ಫೂರ್ತಿ ದೊರೆಯುವಂತಾಗಲಿ. ಇದಕ್ಕಾಗಿ ಶ್ರಮಿಸಿದ ಅಧ್ಯಾಪಕರು ಮತ್ತು ಮಕ್ಕಳಿಗೆ ಎಲ್ಲಾ ರೀತಿಯಲ್ಲೂ ಶುಭವನ್ನು ಹಾರೈಸುತ್ತೇನೆ.

ಹೆಮಲತ ಎನ್

ಎಸ್ ಆರ್ ಜಿ ಕನ್ವಿನರ್

പേനയും, പെൻസിലും, ചായങ്ങളും
പേരിനു പോലും തൊടാതെ നിങ്ങൾ
ചേലിൽ ചമയ്ക്കുന്നു വിസ്മയങ്ങൾ
ചേതോഹര വർണമായികകൾ...

ആകാശ സീമകൾ പിന്നിലാക്കി
വാനിൽ വിലസുക പട്ടങ്ങളെ
വിവര സാങ്കേതിക വിദ്യ തന്നിൽ
വിജയക്കൊടി നാട്ടി വാഴ്ക നിങ്ങൾ
ആശംസകളോടെ

ഗീത കെ
ലൈബ്രറി ഇൻചാർജ്
ജി.എച്ച്.എസ്. സൂരംബയൽ

# ലിറ്റിൽ കൈറ്റ്സ് - അവലോകനം

ലിറ്റിൽ കൈറ്റ്സ് - ഹൈ ടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി. കൂട്ടായ്മ. അനിമേഷൻ, പ്രോഗ്രാമിങ്, ഡിജിറ്റൽ ക്യാമറ ഉപയോഗം, ഡെസ്ക് ടോപ്പ് പബ്ലിഷിങ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്




തുടങ്ങിയ വിവര സാങ്കേതിക വിദ്യയുടെ വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം തെളിയിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്ന സംരംഭം. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി സൂരംബയൽ ഗവണ്മെന്റ് ഹൈസ്കൂളിൽ Kite TVഎന്ന വാർത്താ ചാനൽ ആരംഭിച്ചു. സ്കൂളിൽ നടക്കുന്ന പ്രധാന പരിപാടികൾ, ദിനാചരണങ്ങൾ തുടങ്ങിയവയുടെ ഫോട്ടോ എടുക്കൽ, വീഡിയോ തയ്യാറാക്കൽ, വാർത്തകൾ തയാറാക്കി റിപ്പോർട്ട് ചെയ്യൽ, ദിനാചരണങ്ങളുടെ മുന്നൊരുക്കമായുള്ള

പോസ്റ്റർ / ക്ഷണക്കത്ത് നിർമ്മിക്കൽ തുടങ്ങി Kite TV യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികൾ വളരെ മികച്ച രീതിയിൽ ചെയ്തു വരുന്നു. ജൂൺ 30ന് ലോക സമൂഹ മാധ്യമ ദിനത്തിൽ ഇന്നത്തെ പുത്തൻ സമൂഹത്തിൽ ഇന്റർനെറ്റിന്റെ പ്രാധാന്യം, സൈബർ ഇടത്തിലെ ചതിക്കുഴികൾ, സുരക്ഷിതമായി എങ്ങനെ സമൂഹ മാധ്യമത്തിൽ ഇടപെടാം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സഹപാഠികൾക്ക് ക്ലാസുകൾ നൽകുകയുണ്ടായി. ഡിസംബർ 2ന് ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനത്തിൽ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത ക്ലാസുകൾ നൽകി. കമ്പ്യൂട്ടർ എങ്ങനെ പ്രവർത്തിപ്പിക്കാം, പ്രധാനപ്പെട്ട ആപ്ലിക്കേഷനുകൾ, കമ്പ്യൂട്ടർ പഠനത്തിന്റെ പ്രാധാന്യം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈകാര്യം ചെയ്തു. ഓഗസ്റ്റ് 9,10,11 തീയതികളിലായി സ്വതന്ത്ര വിജ്ഞാനോത്സവം വിപുലമായി ആഘോഷിച്ചു. സ്വതന്ത്ര വിജ്ഞാനോത്സവ സന്ദേശം നൽകിക്കൊണ്ടാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്.

വിവര സാങ്കേതിക വിദ്യയുടെ പ്രാധാന്യം കുട്ടികളിലേക്കും പൊതു സമൂഹത്തിലേക്കും എത്തിക്കുന്നതിന് ആവശ്യമായ സെമിനാർ ക്ലാസുകൾ കൈകാര്യം ചെയ്തു. 2021-2024 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂൾ തലത്തിലും സബ് ജില്ലാ, ജില്ലാ തലത്തിലും നേടിയ അറിവുകൾ പങ്കു വയ്ക്കുകയും അവർ തയാറാക്കിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. 2022-2025 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രസ്തുത പരിപാടികളുടെ റിപ്പോർട്ട് തയാറാക്കി വാർത്ത അവതരിപ്പിച്ചു. 2023-2026 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ എല്ലാവിധ സജ്ജീകരണങ്ങളും നടത്തുകയുണ്ടായി. 2021-2024 ബാച്ചിലെ കലന്ദർ ഷാഫി സി.എച്ച്. ന ശേഷം ജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗമാണ് 2022-2025 ബാച്ചിലെ മുഹമ്മദ് ഫമീൻ കെ.എ. എന്നത് സ്കൂളിന്റെ അഭിമാന നേട്ടങ്ങളിലൊന്നാണ്.

ബിന്ദ്യ മേരിസൺ പി. എം.
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്
ജി.എച്ച്. എസ്. സൂരംബയൽ

# ಐಟಿ ಕ್ಲಬ್

ಆನ್ ಲೈನ್ ಲೋಕದಲ್ಲಿ ವಿಹರಿಸುತ್ತಿರುವ ಈ ಕಾಲದಲ್ಲಿ ಅದರ ಬಗ್ಗೆ ಮಾಹಿತಿ ಸಂಗ್ರಹಿಸುವುದು ಅಗತ್ಯ. ಶಾಲೆಗಳನ್ನು ಕಂಪ್ಯೂಟರ್ ಕಲಿಕೆಯ ಮೂಲಕ ಇದರ ಸಾಕ್ಷಾತ್ಕಾರ ನಡೆಸಲು ರಾಜ್ಯ ಶಿಕ್ಷಣ ಇಲಾಖೆ ಅನುವು ಮಾಡಿಕೊಟ್ಟಿದೆ. ಶಾಲೆಯಲ್ಲಿ ನಡೆಯುವಂತಹ ಐಟಿ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಹೆಚ್ಚಿನ ಮಾಹಿತಿ ತಿಳಿಯಲು ನಾವು ಐಟಿ ಕ್ಲಬ್ ಸದಸ್ಯರಾಗುತ್ತೇವೆ. ಐಟಿ ಗೆ ಸಂಬಂಧಿಸಿದ ವಿವಿಧ ಕಾರ್ಯಕ್ರಮಗಳು, ತರಬೇತಿಗಳು ಮತ್ತಿತರ ವಿಷಯಗಳನ್ನು ಆಧಾರವಾಗಿರಿಸಿ ವಿವಿಧ ಚಟುವಟಿಕೆಗಳನ್ನು ಆಯೋಜಿಸಲಾಗುತ್ತದೆ. ಐಟಿ ಮೇಳದಲ್ಲಿ ಭಾಗವಹಿಸುವ ವಿದ್ಯಾರ್ಥಿಗಳಿಗೆ ವಿವಿಧ ತರಬೇತಿಗಳನ್ನು ನೀಡಲಾಗುತ್ತದೆ.

ಚಂದ್ರಶೇಖರ ಡಿ
ಎಸ್ ಐ ಟಿ ಸಿ

# ശാസ്ത്ര ലോകം - പുനരവലോകനം

ശാസ്ത്രം മനുഷ്യൻ ഇന്നു വരെ നേടിയിട്ടുള്ള അറിവുകളുടെ ആകെ തുകയാണ്. നിർമ്മിക്കപ്പെട്ട അറിവുകൾ ഇവിടെ അവസാനിക്കുന്നുമില്ല. പുതിയ അറിവുകളിലേക്കുള്ള പുത്തൻ വാതായനങ്ങൾ തുറന്ന്




അന്വേഷണത്തിലേക്ക് നയിക്കപ്പെടുന്നു. അത്തരം അന്വേഷണങ്ങൾ നൂതന ആശയങ്ങളിലേക്ക് എത്തിക്കുന്നു. കുട്ടികളിൽ ഇത്തരം അന്വേഷണാത്മക ചിന്തകൾ ഉണർത്താനും പുത്തൻ കണ്ടെത്തലുകളിലേക്ക് നയിക്കാനുമായി സ്കൂളുകളിൽ ഇന്ന് ശാസ്ത്ര ക്ലബ്ബുകൾ വിപുലമായ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ശാസ്ത്ര മേളകൾ, ശാസ്ത്ര പഠനോത്സവങ്ങൾ

തുടങ്ങിയവ അവയിൽ ഉൾപ്പെടുന്നു. ജൂൺ 5ന തുടങ്ങുന്ന ലോക പരിസ്ഥിതി ദിനാഘോഷം മുതൽ ഫെബ്രുവരി 28ന്



അവസാനിക്കുന്ന ലോക ശാസ്ത്ര ദിനാഘോഷം വരെയുള്ള പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.



വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുക മാത്രമല്ല അവയുടെ ദൈനം ദിന സംരക്ഷണം കൂടി കുട്ടികൾ ഏറ്റെടുത്തു. ജൂലൈ 21 ന് വിവിധ പരിപാടികളോടെ ചാന്ദ്രദിനം ആഘോഷിച്ചു. ചാന്ദ്ര ദിനത്തോടൊപ്പം തന്നെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്തി. ചിത്ര പ്രദർശനം, ക്വിസ് മത്സരം, ശാസ്ത്ര പ്രഭാഷണം എന്നിവ സംഘടിപ്പിച്ചു. ജൂലൈ 27 ന്

ഡോ. എ. പി. ജെ. അബ്ദുൾ കലാം ചരമ ദിനം ആചരിച്ചു. ലഘു ജീവചരിത്രം, ഉദ്ധരണികൾ, 'അഗ്നിച്ചിറകുകൾ' ആസ്വാദനക്കുറിപ്പ് എന്നീ പരിപാടികൾ നടത്തി. അന്താരാഷ്ട്ര ഓസോൺ ദിനാഘോഷത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി നടത്തുകയും ഓസോൺ സംരക്ഷണ സന്ദേശം നൽകുകയും ചെയ്തു. മാഗസിൻ തയാറാക്കുകയും ക്വിസ് മത്സരം നടത്തുകയും ചെയ്തു. ഓസോൺ ഉൽപ്പാദിപ്പിക്കുന്ന സസ്യമായ തുളസി നടീൽ ദിനാചരണത്തെ കൂടുതൽ വ്യത്യസ്തമാക്കി. സെപ്റ്റംബർ 8 ന് നടന്ന ദേശീയ സെമിനാറോട് കൂടി 2023-24 അധ്യയന വർഷത്തെ സബ്ജില്ല ശാസ്ത്ര മേളയ്ക്ക് പെർഡാല നവജീവന ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി. 8 ബി യിലെ ആയിഷത്ത് ജസ്ന എസ്. സെമിനാറിൽ പങ്കെടുക്കുകയും Bഗ്രേഡ് നേടുകയും ചെയ്തു. സബ്ജില്ലാ ശാസ്ത്ര നാടകത്തിൽ ജി. എച്ച്. എസ്. സൂരംബയൽ A ഗ്രേഡോടെ

ഒന്നാം സ്ഥാനത്തെത്തുകയും ചെയ്തു.
2023 ഒക്ടോബർ 24 ന് നടന്ന സബ് ജില്ലാ തല സി.വി. രാമൻ ഉപന്യാസ മത്സരത്തിൽ 9Bയിലെ നവ്യശ്രീ ബി. ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ജി.വി.എച്ച്.എസ്.എസ്. അമ്പലത്തറയിൽ വച്ച് നടന്ന ജില്ലാതല മത്സരത്തിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്തു.
2023 ഒക്ടോബർ 26 ന് എൻ. എച്ച്. എസ്. പെർഡാലയിൽ വച്ച് നടന്ന സബ് ജില്ലാതല ശാസ്ത്രോത്സവത്തിൽ ശാസ്ത്ര മേളയിൽ എൽ.പി., യു.പി.,ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച വച്ചു. പ്രൈമറി വിഭാഗത്തിൽ Bഗ്രേഡ് നേടി കുട്ടികൾ പങ്കെടുത്ത എല്ലാ ഇനങ്ങളിലും കഴിവ് തെളിയിച്ചു. ഹൈ സ്കൂൾ വിഭാഗത്തിൽ 9Bയിലെ നവ്യശ്രീ ബി.,മുഹമ്മദ് ഫമീൻ കെ. എ. എന്നീ കുട്ടികൾ വർക്കിങ് മോഡലിൽ Aഗ്രേഡോടെ ഒന്നാം സ്ഥാനവും, 8B യിലെ ആയിഷത്ത് ജസ്ന എസ്., ശ്രീനന്ദൻ എം. ജി. എന്നിവർ

ഇംപ്രൊവൈവെസ്ഡ് എക്സ്പെരിമെന്റിൽ Aഗ്രേഡോടെ രണ്ടാം സ്ഥാനവും 9Bയിലെ പ്രതീക്ഷ, സനുഷ എന്നിവർ Aഗ്രേഡോടെ നാലാം സ്ഥാനവും 10Bയിലെ കലന്ദർ ഷാഫി സി. എച്ച്., അഞ്ജലി പി. എന്നീ കുട്ടികൾ റിസേർച്ച് ടൈപ്പ് പ്രോജെക്റ്റിന് ഗ്രേഡ് നേടുകയും ചെയ്തു. ശാസ്ത്ര മേളയ്ക്ക് ഹൈ സ്കൂൾ വിഭാഗത്തിന് ഓവർ ഓൾ ചാമ്പ്യൻഷിപ്പ് ലഭിച്ചു എന്നത് ഏറെ അഭിമാന നിമിഷമാണ്.

ശാസ്ത്രോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ ബദിയടുക്ക സി.ഐ. ശ്രീ. വിനീഷ് വി.ആർ. സമ്മാനം വിതരണം ചെയ്തു. സബ്ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം നേടിയ കുട്ടികൾ ജി. എച്ച്. എസ്. എസ്. അമ്പലത്തറയിൽ നടന്ന ജില്ലാതല ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുകയും Aഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

ബിന്ദ്യ മേരിസൺ പി.എം.
ശാസ്ത്ര ക്ലബ് കൺവീനർ
ജി.എച്ച്. എസ്. സൂരംബയൽ

# സാമൂഹികം - അവലോകനം

**2023-24 അക്കാദമിക വർഷത്തിലെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ഭാഗമായുള്ള ദിനാചരണങ്ങൾ ജൂലൈ 5 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ആരംഭിക്കുകയുണ്ടായി. പോസ്റ്റർ നിർമ്മാണവും പരിസ്ഥിതി ദിന പ്രതിജ്ഞയും ഇതിന്റെ ഭാഗമായി സ്കൂളിൽ സംഘടിപ്പിച്ചു. ജൂൺ 26 ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസും പോസ്റ്റർ മേക്കിങ്ങും നടത്തി വിജയികൾക്ക് സമ്മാനദാനം നൽകി. ജൂലൈ 26 കാർഗിൽ വിജയ് ദിവസം കുട്ടികളുടെ പോസ്റ്റർ മേക്കിങ്ങും ആൽബ നിർമ്മാണവുമായി വളരെ വിപുലമായ രീതിയിൽ തന്നെ നടത്തുകയുണ്ടായി. ഓഗസ്റ്റ് 6,9 തീയതികളിലെ ഹിരോഷിമ നാഗസാക്കി ദിനവും കുട്ടികളുടെ പങ്കാളിത്തം കൊണ്ട് വളരെ ശ്രദ്ധേയമായിരുന്നു. ഇവയുടെ ഭാഗമായി ക്വിസ് മത്സരം നടത്തുകയുണ്ടായി.**

പ്രസംഗ മത്സരം സംഘടിപ്പിച്ച് കുട്ടികൾക്ക് സമ്മാന വിതരണം നടത്തി. ഈ വർഷത്തെ ഓഗസ്റ്റ് 15 സ്വാതന്ത്യ ദിനം വളരെ വിപുലമായി തന്നെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ഭാഗമായി നടത്തുകയുണ്ടായി. സ്വാതന്ത്യ ദിനത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സരം , പ്രസംഗ മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാന വിതരണവും ഇതിനോടൊപ്പം നടത്തുകയുണ്ടായി.



അശ്വതി എം. എസ്
സാമൂഹ്യ ശാസ്ത്ര ക്ലബ് കൺവീനർ
ജി.എച്ച്. എസ് സൂരംബയൽ

# ವೃತ್ತಿ ಪರಿಚಯ ಕ್ಲಬ್

ಶಾಲಾ ಪಾಠ್ಯ ಚಟುವಟಿಕೆಗಳೊಂದಿಗೆ ಪಾಠ್ಯೇತರ ಚಟುವಟಿಕೆಗಳೂ ಇಂದು ಉತ್ತಮ ಪ್ರೋತ್ಸಾಹ ನೀಡುವುದು ಕಲಿಕೆಯ ಒಂದು ಭಾಗ. ಮಕ್ಕಳಲ್ಲಿ ಅಡಕವಾಗಿರುವ ಸುಪ್ತ ಪ್ರತಿಭೆಗಳನ್ನು ಸೃಜನಾತ್ಮಕತೆಯನ್ನು ಬೆಳೆಸಲು ಸಹಾಯಕವಾಗುವ ಕ್ಷೇತ್ರವೇ ವೃತ್ತಿ ಪರಿಚಯ, ಅದಕ್ಕಾಗಿ ವೃತ್ತಿಪರಿಚಟ ಕ್ಲಬ್ ನ ನೇತೃತ್ವದಲ್ಲಿ ಶಾಲಾ ಮಟ್ಟದಲ್ಲಿ ವೃತ್ತಿಪರಿಚಯ ಮೇಳದ ವಿವಿಧ ಸ್ಪರ್ಧೆಗಳನ್ನು ನಡೆಸಿದೆವು. ಇದರಲ್ಲಿ ವಿಜೇತರಾದವರಿಗೆ ಹೆಚ್ಚಿನ ತರಬೇತಿಯನ್ನು ನೀಡಿ ಉಪಜಿಲ್ಲಾ ಮಟ್ಟದಲ್ಲಿ ಭಾಗವಹಿಸುವಂತೆ ಮಾಡಲಾಯಿತು. ಇದರಲ್ಲಿ ಎಂಬ್ರಾಯಿಡರಿ, ಬುಕ್ ಬೈಂಡಿಂಗ್, ಮೆಟಲ್ ಎನ್ ಗ್ರೇವಿಂಗ್, ವೇಸ್ಟ್ ಮೆಟೀರಿಯಲ್, ವೆಜಿಟೇಬಲ್ ಪ್ರಿಂಟಿಂಗ್, ಫ್ಯಾಬ್ರಿಕ್ ಪೈಂಟಿಂಗ್, ಗಾರ್ಮೆಂಟ್ ಮೇಕಿಂಗ್, ಕೋಯಿರ್ ಡೋರ್ ಮೇಟ್, ಬಡ್ಡಿಂಗ್ ಏಂಡ್ ಗ್ರಾಫ್ಟಿಂಗ್, ವುಡ್ ಕಾರ್ವಿಂಗ್,ಕ್ಲೇ ಮೋಡೆಲ್, ಬೇಂಬೂ ಪ್ರೋಡಕ್ಟ್, ಡಾಲ್ ಮೇಕಿಂಗ್, ಬೀಡ್ಸ್ ವರ್ಕ್, ಇಲೆಕ್ಟ್ರೋನಿಕ್ಸ್,



ಕೋಕೋನಟ್ ಶೆಲ್ ಪ್ರೋಡಕ್ಟ್ಸ್, ಮೊದಲಾದ ಸ್ಪರ್ಧೆಗಳಲ್ಲಿ ಭಾಗವಹಿಸಿ ಪ್ರಥಮ, ದ್ವಿತೀಯ, ತೃತೀಯ ಸ್ಥಾನಗಳಿಸಿದರು.ಇನ್ನು ಕೆಲವರು ಎ, ಬಿ, ಸಿ ಮೊದಲಾದ ಗ್ರೇಡ್ ಗಳಿಸಿದರು. ಉಪಜಿಲ್ಲಾ ಮಟ್ಟದಲ್ಲಿ ನಮ್ಮ ಶಾಲೆಯು ಉತ್ತಮ ಸಾಧನೆಯನ್ನು ಪ್ರಕಟಪಡಿಸಿದ್ದಲ್ಲದೆ 5ನೇ ಸ್ಥಾನವನ್ನು ತನ್ನದಾಗಿಸಿಕೊಂಡಿದೆ. ಪ್ರಥಮ ಸ್ಥಾನ ಹಾಗೂ ದ್ವಿತೀಯ ಸ್ಥಾನಗಳಿಸಿದವರು ಜಿಲ್ಲಾ ಮಟ್ಟದ ಸ್ಪರ್ಧೆಗಳನ್ನು ಭಾಗವಹಿಸಿ ಎ ಗ್ರೇಡ್ ಗಳಿಸುವಲ್ಲಿ ಯಶಸ್ವಿಯಾದರು. ಇದರಲ್ಲಿ ಬಹುಮಾನ ಗಳಿಸಿದ ವಿದ್ಯಾರ್ಥಿಗಳನ್ನು ಶಾಲಾ ಮಟ್ಟದಲ್ಲಿ ಅಭಿನಂದಿಸಲಾಯಿತು. ವೃತ್ತಿಪರಿಚಯ ಮೇಳದ ಪೇಪರ್ ಕ್ರಾಫ್ಟ್ ನ ಕೆಲವು ಮಾದರಿಗಳನ್ನು ಗಣಿತದ ಚಟುವಟಿಕೆಗಳಿಗೂ ಬಳಸಲು ಸಹಕಾರಿಯಾಗುತ್ತದೆ.

ಸಾವಿತ್ರಿ ಬಿ
ವೃತ್ತಿ ಪರಿಚಯ ಕ್ಲಬ್ ಕನ್ವಿನರ್

# കലോത്സവം

വിദ്യാർത്ഥികളുടെ കലാസാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിന് എല്ലാവർഷവും നടന്നുവരുന്ന സ്കൂൾ കലോത്സവം ഒക്ടോബർ 19, 20 തീയതികളിൽ




നടന്നു. സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന വേദി ജനപ്രതിനിധികളെ കൊണ്ടും വിശിഷ്ട വ്യക്തിത്വങ്ങളെ കൊണ്ടും പ്രൗഢമായിരുന്നു . സ്കൂൾ കലോത്സവ മാന്വലിലെ മിക്കവാറും മത്സരയിനങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞു. സ്കൂൾ ലെവലിൽ നടന്ന കലോത്സവത്തിൽ എ ഗ്രേഡ് നേടിയ മുഴുവൻ വിദ്യാർഥികളെയും പേരാലിൽ നടന്ന സബ് ജില്ലാ കലോത്സവത്തിന് പങ്കെടുപ്പിക്കാൻ സാധിച്ചു.

സബ്ജില്ലാ കലോത്സവത്തിലും നമ്മുടെ സ്കൂളിലെ വിദ്യാർഥികൾ ഉന്നത ഗ്രേഡുകൾ കരസ്ഥമാക്കി എന്നുള്ളത് അഭിമാനിക്കാവുന്ന നേട്ടം തന്നെയാണ് .

അബ്ദുൾ കരീം ഡി. കെ.
കലോത്സവ കൺവീനർ
ജി.എച്ച്. എസ്. സൂരംബയൽ

# ആകാശം പറയുന്നത്...

ആകാശം പറയുന്നു
എന്നിലൂടെയാണ് മേഘം
കാർമേഘമാകുന്നത്
എന്നിലൂടെയാണ് മേഘം
പൊട്ടിക്കരയുന്നത്

ആകാശം പറയുന്നു
എന്നിലൂടെയാണ് അരുണൻ
ഉണർന്നു വരുന്നത്
എന്നിലൂടെ വരുന്ന
അരുണനാണ്
ഭൂമിയിലേക്ക് വെളിച്ചം
പകർന്നു നൽകുന്നത്

ആകാശം പറയുന്നത്
എന്നിലൂടെയാണ് നിലാവ്
ഉദിച്ചു വരുന്നത്
എന്നിലൂടെയാണ് താരകൾ
മിന്നിത്തെളിയുന്നത്

ആകാശം പറയുന്നത്
എന്നിലൂടെ വരുന്ന
മഴയിലൂടെയാണ് ഭൂമിയിൽ
പച്ചപ്പ് നിലനിൽക്കുന്നത്
എന്നിലൂടെ വരുന്ന
മഴയിലൂടെയാണ് ഭൂമിയിൽ
ജീവന്റെ നിലനിൽപ്പ്
സാധ്യമാവുന്നത്

കീർത്തന സി. എം.
8B
ജി. എച്ച്. എസ്. സൂരംബയൽ




JEEVAN M.
8B
GHS SOORAMBAIL

# എന്റെ വിദ്യാലയം


കാസറഗോഡ് ജില്ലയിലെ പ്രശസ്തമായ സ്കൂളുകളിൽ ഒന്നാണ് ഞാൻ




പഠിക്കുന്ന ഗവണ്മെന്റ് ഹൈസ്കൂൾ സൂരമ്പയൽ. എന്റെ സ്കൂൾ കെട്ടിടം വളരെ വിശാലവും മനോഹരവുമാണ്. സ്കൂളിലെ അധ്യാപകർ എല്ലാവരോടും വളരെ ദയയും കരുതലും സ്നേഹവും ഉള്ളവരാണ്. എന്റെ സ്കൂളിൽ വിശാലമായ വലിയ കളിസ്ഥലങ്ങൾ ഉണ്ട്. എന്റെ സ്കൂളിൽ വിശേഷപ്പെട്ട ദിനങ്ങൾ ഗംഭീരമായി ആഘോഷിക്കുന്നു. സ്കൂളിലെ ലൈബ്രറി എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. അവിടെ ധാരാളം സാഹിത്യവും വിജ്ഞാനപ്രദവുമായ

പുസ്തകങ്ങളുണ്ട്. സ്കൂളിലെ സയൻസ് ലാബിൽ ഒരുപാട് അറിവുകൾ നൽകുന്ന വസ്തുക്കളുണ്ട്. സ്കൂളിലെ തണൽ മരങ്ങൾ ചൂടിൽ നിന്നും ഞങ്ങൾക്ക് സംരക്ഷണം തരുന്നു. എന്റെ സ്കൂളിൽ കുറെ കമ്പ്യൂട്ടറുകൾ ഉണ്ട്. കമ്പ്യൂട്ടർ പഠിക്കാനായി കമ്പ്യൂട്ടർ ലാബും ഉണ്ട്. സ്കൂളിൽ നിന്ന് പോഷക പ്രദമായ ഭക്ഷണം ലഭിക്കുന്നു. സ്കൂളിൽ നിന്ന് ഞാൻ പുതിയ പുതിയ പാഠങ്ങൾ പഠിക്കുന്നു. മനോഹരമായ സ്കൂളാണ് എന്റേത്.

ആയിഷത്ത് റൈഹാന
8C
ജി. എച്ച്. എസ്. സൂരംബയൽ



ADITHYAS.
8A
GHS SOORAMBAIL




FATHIMATH AFIYA
9B
GHS SOORAMBAIL

# സ്നേഹബന്ധം

മോളെ, നീ സുഖമായിരിക്കുന്നു എന്ന് കരുതുന്നു. ഇനി അങ്ങനെ ആണെങ്കിലും അല്ലെങ്കിലും അങ്ങനെ കേൾക്കാനാണ് ഈ അമ്മയ്ക്കിഷ്ടം. ഇന്ന് എനിക്ക് എഴുതാൻ ഒരുപാട് വിശേഷങ്ങൾ ഒന്നുമില്ല. ഒന്നനങ്ങാൻ പോലും പറ്റാത്ത മൂലയ്ക്കിരിക്കുന്ന ഈ വയസായ സ്ത്രീക്ക് എന്ത് വിശേഷമാണുള്ളത്? എങ്കിലും നീ കാത്തിരിക്കുന്നു എന്ന് എനിക്കറിയാം. അതുകൊണ്ട് മാത്രമാണ് ഞാനീ കത്തെഴുതുന്നത്. ഒരുപാട് നിർബന്ധിച്ചിട്ടാണ് തേജസ് എനിക്കിത് എഴുതി തന്നത്. നിനക്കറിയാമല്ലോ അച്ഛൻ കാണാതെ ഒളിച്ചും പാത്തും എഴുതുക എന്നത് വലിയ പ്രയാസമേറിയ കാര്യമാണെന്ന്. ഞാൻ ഇങ്ങനെ പറയുന്നത് നീ വിഷമിക്കാൻ വേണ്ടിയല്ല. എപ്പോഴും ഈ അമ്മയ്ക്കിങ്ങനെ എഴുതാൻ കഴിയില്ല

എന്ന ബോധം നിന്നിലുണ്ടാക്കാൻ വേണ്ടിയാണ്. എന്റെ കുഞ്ഞുമോൾ എന്തു പറയുന്നു? എനിക്കവളെ ഒന്ന് കാണാൻ ഒരുപാട് ആഗ്രഹമുണ്ട്. പക്ഷെ, ഒരിക്കലും നീ വീട്ടിലേക്ക് തിരിച്ചു വരണമെന്ന് പറയാനുള്ള ധൈര്യം എനിക്കില്ല. ഏതൊരു പിതാവിനെയും പോലെ മാത്രമേ അച്ഛനും ചിന്തിച്ചിട്ടുള്ളൂ. അച്ഛനൊരു ക്രൂരനാണെന്ന് നീ കരുതരുത്. നീ ഇവിടെ നിന്നും ഇറങ്ങിയത് മുതൽ ഇല്ലാതായതാണ് അച്ഛന്റെ മനസ്. എപ്പോഴെങ്കിലും നിന്നെ അച്ഛൻ തിരിച്ചു വിളിക്കുമെന്ന പ്രതീക്ഷയോടെ നിന്റെ സ്വന്തം അമ്മ . ഒപ്പ് ഇത്രയും വായിച്ചു കഴിഞ്ഞതോടെ അവളുടെ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിറച്ചു. ഒരു നിമിഷത്തിനു ശേഷം അവൾ പൊട്ടിക്കരഞ്ഞു. ഒരുപാട് കത്തുകൾ വായിച്ച മുഷിപ്പ് ആ കരച്ചിലിൽ ഉണ്ടായിരുന്നു. താൻ അച്ഛനെയും അമ്മയെയും വിഷമിപ്പിച്ച് ഇറങ്ങിപ്പോന്ന ആ ചീത്ത ദിവസമായിരുന്നു അവളുടെ മനസ്സിലപ്പോൾ. ആ ദിവസത്തിന് ശേഷം

അവൾ നല്ലൊരു വസ്ത്രമിട്ടിട്ടില്ല. നല്ല കാഴ്ചകളോ ഭക്ഷണമോ കണ്ടിട്ടില്ല. വീടു വിട്ടിറങ്ങിയ സമയത്തു തന്റെ അച്ഛനെയോ അമ്മയെയോ ഓർക്കാൻ അവൾക്ക് സമയമുണ്ടായിരുന്നില്ല. ഇതെല്ലം അവളെ വിഷമിപ്പിച്ചു കൊണ്ടിരുന്നു. ഓരോ കത്ത് വായിക്കുമ്പോഴും അവൾക്ക് അവളോട് തന്നെ വെറുപ്പ് തോന്നി. താൻ എന്തിനാണ് അന്ന് അങ്ങനെ ചെയ്തതെന്ന് അവൾ എപ്പോഴും ഓർക്കും. ആ ദിവസത്തിന ശേഷം കുറെ കരിഞ്ഞുണങ്ങിയ ഓർമ്മകളല്ലാതെ വേറെ ഒന്നുമില്ല അവൾക്ക് സ്വന്തമെന്ന് പറയാൻ. അവളും അവളുടെ കുഞ്ഞുമുള്ള വളരെ ചെറിയൊരു ലോകത്താണ് അവളിന്ന് ജീവിക്കുന്നത്. മകൾക്കു വേണ്ടി മാത്രമല്ല അതിലുപരി അവളുടെ അമ്മയുടെ കത്തിന് വേണ്ടി കൂടിയാണ് അവൾ ജീവിക്കുന്നത്. ഇനി അതും ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇന്നവൾ തന്റെ ജീവിതത്തെ ഏറെ വെറുക്കുന്നു. തന്റെ ജീവിതം അവസാനിപ്പിക്കണം എന്നവൾക്ക് തോന്നി. അവളെഴുതി. മോളെ, അപ്പൂപ്പന്റെ

പൊന്നുമോളായി നീ വളരണം. എന്ന് അമ്മ .അപ്പൂപ്പന്റെ പൊന്നോമനയായി അവൾ വളർന്നു. അമ്മയില്ലാത്തതിന്റെ ഒരു കുറവും അപ്പൂപ്പൻ അവളെ അറിയിച്ചില്ല. പഠിക്കാൻ മിടുക്കിയായിരുന്ന അവൾ ഒരു ഡോക്ടറായി. ഇത്രയും വലിയ നിലയിലെത്തിയിട്ടും താൻ അനാഥയാണെന്നത് അവളെ വിഷമിപ്പിച്ചു. തന്റെ കൂടെ അമ്മയുണ്ടായിരുന്നെങ്കിൽ എന്ന് അവൾ ഏറെ ആഗ്രഹിച്ചു. ആ നേരത്ത് ഇതും കടന്നു പോകും എന്ന ധൈര്യത്തോടെ അവൾ ജീവിച്ചിരുന്നുവെങ്കിൽ അവൾക്കേറെ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യാവുന്ന നിമിഷമായിരുന്നു ഇത്.

**വിസ്മയ ബി.**
**8B**
**ജി. എച്ച്. എസ്. സൂരംബയൽ**




SHANUSHA
9 B
GHS SOORAMBAIL




BHOOMIKA N
8 B
GHS SOORAMBAIL

# സങ്കൽപ്പം


എന്നുമെൻ മനസിലെൻ സങ്കൽപ്പ-
മായി മാറുമെൻ കണ്ണാടി
"എത്ര പൊട്ടിച്ചതഞ്ഞാലുമെൻ
ആനനം വ്യക്തമായ് പതിയുമാ
ദർപ്പണത്തിൽ"
എൻ വീട്ടിലാരുമില്ലാത്തൊരു
വേളയിൽ ആരോരോ
ഉണ്ടെന്ന തോന്നലാം
സങ്കൽപം ബാക്കി വച്ചു
എൻ കനവിൽ ഞാൻ

മതിവരുവോളം കാണുമെൻ
കണ്ണാടി
ഓർക്കും ഞാൻ ആ
മായാലോകത്ത്
എൻ കനവിൽ കാണും
നേരത്ത്

ഇന്നു ഞാൻ എൻ അരികെ
പ്രതിബിംബം കാണുന്നേ ...

പൊട്ടി പൊളിഞ്ഞ കണ്ണാടി
പിന്നെ നോക്കാൻ കഴിയില്ലത്രേ
പഴഞ്ചൊല്ലിലിങ്ങനെയുണ്ടെങ്കിലും
ഞാൻ നോക്കാതിരിക്കില്ലെൻ
കണ്ണാടി ...


മിസ്ബ ഫാത്തിമ ടി.എ.
8B
ജി. എച്ച്. എസ്. സൂരംബയൽ




VAIGA C.

9 B


GHS SOORAMBAIL




PRATHEEKSHA

9 B

GHS SOORAMBAIL




SHAMAN P.
8 A
GHS SOORAMBAIL

# ಇದು ನನ್ನ ಕವನ

ಬೈದರೂ ಮುದ್ದಿಸುವವಳು
ಹಸಿವಿಲ್ಲದಿದ್ದರೂ ತಿನ್ನಿಸುವವಳು
ನೋವಿದ್ದರೂ ನಗುವವಳು
ನನ್ನ ಆಸೆಗಳನ್ನು ತನ್ನ ಕನಸೆನ್ನುವವಳು
ಕವಯಿತ್ರಿ ಅಲ್ಲ ಅವಳು
ಕವನಕೆ ಮುನ್ನುಡಿಯಾದವಳು
ನನ್ನಲ್ಲಿ ತನ್ನನ್ನು ಕಾಣುವವಳು
ಅಮ್ಮನ ಬಗ್ಗೆ ಹೇಳಲು ಸಾಲದು ಪದಗಳು

ಭಾಗ್ಯಲಕ್ಷ್ಮಿ 8ನೇ ತರಗತಿ

# സ്വപ്നം

സ്വപ്നങ്ങൾ
വിൽക്കുന്നൊരങ്ങാടിയുണ്ടെങ്കിൽ
ഒരു നല്ല സ്വപ്നം ഞാൻ
വാങ്ങിയേനെ...

പകരമായ് നൽകുവാൻ
ഒന്നുമില്ലെങ്കിലും
ഞാനെന്റെ ചേതന
നൽകിയേനെ...

പകലുകൾ പൊഴിയുമ്പോൾ
വിടരുന്ന പെണ്ണ്
മലർ ചന്ദ്രികയാണോ
സ്വപ്നം

നിഴലുകൾ പിടയുന്ന നിദ്ര
തൻ വീഥിയിൽ നിറയുന്ന
താരമോ സ്വപ്നം.


വറ്റിയ പുഴകൾക്കു ചാറ്റൽ
മഴയുടെ നനവുകളാണോ
സ്വപ്നം

കത്തിയ കാടിനു കാറ്റിൽ
കരങ്ങളാലേൽക്കും
തലോടലോ സ്വപ്നം

വേരറ്റു വീഴുന്ന ജീവിത
ശാഖിയിൽ മോഹമാം
തളിരോ സ്വപ്നം

പാഴ് മുളം തണ്ടിനെ
പ്രണയിച്ച സംഗീതം
എഴുതിയ കവിതയോ
സ്വപ്നം...

**ആയിഷത്ത് റൈഹാന**
**8C**
**ജി. എച്ച്. എസ്. സൂരംബയൽ**




UJWAL
8 A
GHS SOORAMBAIL




BHOOMIKA N

8 B

GHS SOORAMBAIL

ತಬ್ಬಲಿಗಳ ನೋವು

ಎಷ್ಟೋ ಪುಟಾಣಿಗಳು
ತಂದೆ-ತಾಯಿ ಇಲ್ಲದೆ
ಈ ತಬ್ಬಲಿಗಳ ನೋವನು
ಕೇಳುವವರಾರು
ಈ ಪುಟಾಣಿಗಳ ಕಷ್ಟವನು
ಅರಿತವರಾರು
ಕನಸುಗಳಿಲ್ಲ ಆಸೆಗಳಿಲ್ಲ
ಕಲಿಕೆಯಿಲ್ಲ ಗೆಳೆಯ ಗೆಳತಿಯರಿಲ್ಲ
ಇವರ ಮನಸು ಬೇಸರದ ಕಡಲು
ಪ್ರೀತಿಯಿಲ್ಲ ಪ್ರೀತಿಸುವವರಿಲ್ಲ
ಇವರ ಬೆಳಕಿಲ್ಲದ ಕಾಡಲಿ

ನಿಶ್ಮಿತ
10ನೇ ತರಗತಿ

# ನರಿ ಮತ್ತು ದ್ರಾಕ್ಷಿ

ಒಂದು ಕಾಡಿನಲ್ಲಿ ದು ನರಿ ವಾಸವಾಗಿತ್ತು. ಅದು ಹಸಿವಿನಿಂದ ಆಹಾರ ಹುಡುಕಿಕೊಂಡು ಹೊರಟಿತು. ದ್ರಾಕ್ಷಿ ಹಣ್ಣಿನ ತೋಟವನ್ನು ನೋಡಿತು. ದ್ರಾಕ್ಷಿ ಗೊಂಚಲು ತಿನ್ನಲು ಪ್ರಯತ್ನಿಸಿತು. ನರಿಗೆ ಆ ದ್ರಾಕ್ಷಿಯ ಗೊಂಚಲು ಎಟುಕಲಿಲ್ಲ. ಪ್ರಯತ್ನಿಸಿ ಆಯಾಸವಾಯಿತು. ಕೊನೆಗೆ ದ್ರಾಕ್ಷಿ ಹುಳಿ ಎಂದಿತು, ನಿರಾಸೆಯಿಂದ ಹೊರಟು ಹೋಯಿತು.

ಶರಣ್ಯ 7ನೇ ತರಗತಿ

# പ്രകൃതിയിലെ സ്വരങ്ങൾ

പ്രകൃതിയിലെ സ്വരങ്ങളാൽ തമ്മിൽ
കഥ പറഞ്ഞെത്തുന്ന കാലമെങ്ങോ
പോയി മറഞ്ഞു

കാറ്റുമില്ല മഴയതു കൂടിയില്ല
ജീവജാലങ്ങൾ നശിക്കുമ്പോഴും

പ്രകൃതിയിൽ പച്ചപ്പിൻ സൗന്ദര്യം
ഏകുമിൻ ദൈവത്തിൻ കൃപത്താൽ
ഏകുമല്ലോ

മനുഷ്യന്റെ ക്രൂര പ്രവർത്തനം
ഏൽക്കുമിൻ
പ്രകൃതിയിൽ നാശം സംഭവിക്കും

പ്രണയ കെ. വി.
8C
ജി. എച്ച്. എസ്. സൂരംബയൽ




BHOOMIKA N


8 B

GHS SOORAMBAIL

# ಮಳೆಗಾಲ

ಬಂತಪ್ಪ ಬಂತು ಮಳೆಗಾಲ
ಬೀಜವ ಬಿತ್ತುವ ಈ ಕಾಲ
ಎಲ್ಲೆಲ್ಲೂ ನೀರು ಹರಿಯುತ್ತಿದೆ
ಕೆರೆ ನದಿಗಳು ತುಂಬಿ ತುಳುಕುತ್ತಿವೆ
ಗಾಳಿಗೆ ಮರಗಳು ಉರುಳುತ್ತಿದೆ
ಗುಡುಗಿಗೆ ಭಯ ಆಗುತ್ತಿದೆ
ಮರಗಳು ಹಸಿರು ಹಸಿರಾಗಿದೆ
ಗಾಳಿಗೆ ಹಣ್ಣು ಬೀಳುತ್ತಿದೆ
ಕೂಗುತ್ತಿವೆ ಕಪ್ಪೆಗಳುವಟವಟ
ಮುರಿಯುತ್ತಿದೆ ಮರಗಳು
ಗುಡುಗು ಬಡಿಯುತ್ತಿದೆ ಗುಡು ಗುಡು
ಮಿಂಚು ಮಿಂಚುತ್ತಿದೆ ಫಳ ಫಳ
ಬಂತಪ್ಪ ಬಂತು ಮಳೆಗಾಲ
ಬೀಜವ ಬಿತ್ತುವ ಕಾಲ

ತನ್ಮಯ್ ಡಿ ಶೆಟ್ಟಿ 7ನೇ ತರಗತಿ




YOGISHA

8 A

GHS SOORAMBAIL

# ಹೆಮ್ಮೆಯ ಗುಲಾಬಿ

ಒಂದಾನೊಂದು ಕಾಲದಲ್ಲಿ ದೂರದ ಮರುಭೂಮಿಯಲ್ಲಿ ಕೊಳೆಕು ಕಳ್ಳಿಯ ಪಕ್ಕದಲ್ಲಿ ಒಂದು ಸುಂದರವಾದ ಗುಲಾಬಿ ಗಿಡವು ಬೆಳೆಯುತಿತ್ತು, ಆ ಗುಲಾಬಿ ಗಿಡಲುತನ್ನ ಸುಂದರ ನೋಟದ ಬಗ್ಗೆ ಹೆಮ್ಮೆ ಪಡುತ್ತಿತ್ತು. ಪ್ರತಿ ದಿನ ಸುಂದರವಾದ ಗುಲಾಬಿ  ತನ್ನ ನೋಟದಲ್ಲಿ ಕಳ್ಳಿಗಿಡವನ್ನು ಅವಮಾನಿಸುತ್ತಿತ್ತು. ಅಪಹಾಸ್ಯ ಮಾಡುತ್ತಿತ್ತು. ಎಲ್ಲಾ ಸಮಯದಲ್ಲಿ ಕಳ್ಳಿ ಗಿಡವು ಶಾಂತವಾಗಿತ್ತು. ಹತ್ತಿರವಿದ್ದ ಎಲ್ಲಾ ಇತರ ಸಸ್ಯಗಳು ಗುಲಾಬಿ ಗಿಡಕ್ಕೆ ಅರ್ಥ ಮಾಡಿಸಲು ಪ್ರಯತ್ನಿಸಿದವು. ಆದರೆ ಅವಳು ತನ್ನ ಸ್ವಂತ ನೋಟದಿಂದ ತುಂಬಾ ತೂಗಾಡುತ್ತಿದ್ದಳು.

ಒಂದು ಸುಡುವ ಬೇಸಿಗೆಯಲ್ಲಿ ಮರುಭೂಮಿಯು ಒಣಗಿತು. ಮತ್ತು ಸಸ್ಯಗಳಿಗೆ ನೀರು ಇಲ್ಲದಾಯಿತು. ಗುಲಾಬಿ ಗಿಡವು ಬೇಗನೆ ಒಣಗಲು ಪ್ರಾರಂಭಿಸಿತು. ಅವಳು ಸುಂದರವಾದ ದಳಗಳು ಒಣಗಲು ಆರಂಭಿಸಿದವು. ಅವುಗಳು ತನ್ನ ಸೊಂಪಾದ ಬಣ್ಣವನ್ನು ಕಳೆದುಕೊಂಡವು.

ಒಂದು ದಿನ ಗುಲಾಬಿ ಗಿಡವು ಕಳ್ಳಿಯ ಕಡೆಗೆ ನೋಡಿದಾಗ ಒಂದು ಗುಬ್ಬಚ್ಚಿಯು ಸ್ವಲ್ಪ ನೀರನ್ನು ಕುಡಿಯಲು ಕಳ್ಳಿಗಿಡಕ್ಕೆ ತನ್ನ ಕೊಕ್ಕನ್ನು ಅದ್ದುವುದನ್ನು ಅವಳು ನೋಡಿದಳು. ಅವಳಿಗೆ ನಾಚಿಕೆಯಾಯಿತು. ಗುಲಾಬಿ ಗಿಡವು ಕಳ್ಳಿ ಗಿಡದ ಹತ್ತಿರ ನನಗೆ ಸ್ವಲ್ಪ ನೀರು ಕೊಡುವೆಯಾ ಎಂದು ಕೇಳಿತು. ಆಗ ಕಳ್ಳಿ ಗಿಡವು ತಕ್ಷಣ ಒಪ್ಪಿಕೊಂಡಿತು. ಕಠಿಣ ಬೇಸಿಗೆಯಲ್ಲಿ ಸ್ನೇಹಿತರಂತೆ ಅವರಿಬ್ಬರೂ ಒಬ್ಬರಿಗೊಬ್ಬರು ಸಹಾಯ ಮಾಡಿದರು.

ನೀತಿ    ಯಾರನ್ನಾದರೂ ಅವರು ಕಾಣುವ ರೀತಿಯಲ್ಲಿ ನೋಯಿಸಬೇಡ

ಮನೀಷ್ ಎ 5ನೇ ತರಗತಿ

# ನನ್ನ ಮೆಚ್ಚಿನ ಗೆಳತಿ

ನನಗೆ ಒಬ್ಬಳು ಗೆಳತಿ ಇದ್ದಳು. ಅವಳು ನನ್ನ ಮನೆಯಲ್ಲೇ ಇರುತ್ತಾಳೆ. ನಾನು ಖುಷಿಯಾಗಿದ್ದಾಗ ಅವಳೂ ಖುಷಿಯಾಗಿರುತ್ತಾಳೆ. ನಾನು ಅತ್ತರೆ ಅವಳೂ ಜೊತೆಯಲ್ಲಿ ಅಳುತ್ತಾಳೆ, ಆದರೆ ನನಗೆ ಅವಳ ಧ್ವನಿ ಕೇಳಿಸುವುದಿಲ್ಲ. ಗೆಳತಿ ಕನ್ನಡಿಯ ಒಳಗೆ ಅವಿತಿದ್ದಾಳೆ. ಹೊರಗೆ ಬಾ ಆಟ ಆಡೋಣ ಎಂದು ನಾನು ಹೇಳುತ್ತಾನೆ. ಅವಳು ಹೊರಗೆ ಬರುವುದಿಲ್ಲ. ನನಗೆ ದುಖವಾಗುತ್ತದೆ. ನಾನು ಮಲಗಲು ಹೋಗುತ್ತೇನೆ. ನನ್ನ ನಿದ್ದೆಯಲ್ಲಿ ಅವಳು ಕನ್ನಡಿಯಿಂದ ಹೊರಗೆ ಬರುತ್ತಾಳೆ. ಆಗ ನಾವು ಬಹಳ ಮೋಜು ಮಾಡುತ್ತೇವೆ. ನಾವು ಆಟ ಆಡುತ್ತೇವೆ. ನಾವು ಓಡುತ್ತೇವೆ. ನಾವು ಒಟ್ಟಿಗೇ ಕೂಗುತ್ತೇವೆ. ಕಿರಿಚುತ್ತೇವೆ. ನಾನು ಅವಳ ಜೊತೆ ಮಾತನಾಡಿದರೆ ಅವಳು ನನ್ನ ಜೊತೆ ಮಾತನಾಡುತ್ತಾಳೆ. ಬೆಳಗಿನ ಹೊತ್ತು ನನ್ನ ಗೆಳತಿ ಮತ್ತೆ ಕನ್ನಡಿಯ ಒಳಗೆ ಅವಿತು ಬಿಡುತ್ತಾಳೆ. ಈಗ ನನಗೆ ಬೇಸರ ಆಗುವುದಿಲ್ಲ. ನಾವು ಕನಸಿನಲ್ಲಿ ಮತ್ತೆ ಆಟ ಆಡುತ್ತೇವೆ ಎಂದು ನನಗೆ ಗೊತ್ತು.

ರಶ್ಮಿತ,

3ನೇ ತರಗತಿ

നന്ദിപൂർവം...

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ജി.എച്ച്.എസ് . സൂരംബയൽ